# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -174 | 03.05.2017 ൽ മറുപടിയ്ക്ക്

## സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും ബോധവൽക്കരണത്തിനും പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. നൗഷാദ്<br>ശ്രീ.എം. സ്വരാജ്<br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സൈബർ കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സോഷ്യൽ മീഡിയ, വിവര സാങ്കേതിക വിദ്യ, ഡിജിറ്റൽ ടെക്നോളജി എന്നിവയുടെ ദുരുപയോഗം വർദ്ധിച്ച് വരുന്നതായി കാണുന്നുണ്ട്. |
| (ബി) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും ഇന്റർനെറ്റ്, ഇ-മെയിൽ തുടങ്ങിയവ സുരക്ഷിതമായി ഉപയോഗിക്കുന്നതു സംബന്ധിച്ചും പൊതുജനങ്ങൾക്ക ബോധവൽക്കരണം നൽകാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അതിന്റെ ഭവിഷ്യത്തുകളെ കുറിച്ചും വിവിധ പോലീസ് ജില്ലകളിലുള്ള സൈബർ സെല്ലുകൾ, ഹൈടെക് ക്രൈം എൻക്വയറി സെൽ, സംസ്ഥാന സൈബർ ക്രൈം പോലീസ് സ്റ്റേഷൻ എന്നിവയുടെ നേതൃത്വത്തിൽ സ്കൂളുകൾ, കോളേജുകൾ, വിദ്യാഭ്യാസ രംഗത്തു പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങൾ എന്നിവ മുഖാന്തിരം ബോധവൽക്കരണം നടത്തി വരുന്നുണ്ട്. കൂടാതെ സൈബർ സെല്ലുകൾ മുഖാന്തിരം സംഘടിപ്പിച്ചുവരുന്ന ക്ലാസ്സുകളിൽ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനെ സംബന്ധിച്ചും |

മൊബൈൽ ഫോൺ, ഇന്റർനെറ്റ്, ഇ-മെയിൽ എന്നിവ വഴി വരുന്ന വ്യാജ സന്ദേശങ്ങൾ സംബന്ധിച്ച് പോലീസിനെ അറിയിക്കേണ്ട ആവശ്യകതയെക്കുറിച്ചും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണം നടത്തിവരുന്നുണ്ട്. ഇത്തരം വ്യാജ സന്ദേശങ്ങളെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ഈ കാര്യം പോലീസിന്റെ ഔദ്യോഗിക ഫേയ്സ് ബുക്ക് പേജ് വഴിയും മറ്റ് മാധ്യമങ്ങളിലൂടെയും പൊതുജനങ്ങളെ അറിയിക്കുന്നതിനുള്ള സംവിധാനങ്ങളും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

(സി) സൈബർ ലോകത്തെ ചതിക്കുഴികളെ സംബന്ധിച്ച് സ്കൂൾ - കോളേജ് വിദ്യാർത്ഥികൾക്ക് അവബോധം നൽകുന്നതിനായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി പ്രവർത്തനങ്ങളിലെ പരിശീലനത്തിന്റെ ഭാഗമായി കേഡറ്റുകൾക്ക് സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്താറുണ്ട്. പോലീസ് വകുപ്പിന്റെ സൈബർ സെല്ലിലെ ഉദ്യോഗസ്ഥരും പുറമെ നിന്നുള്ള വിശിഷ്ട ഫാക്കൽറ്റികളുമാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. ഇതിനു പുറമെ സംസ്ഥാന ഐ.റ്റി മിഷനുമായി സഹകരിച്ച് പരീക്ഷണ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത 10 എസ്.പി.സി സ്കൂളുകൾ മുഖേന വിവര സാങ്കേതികവിദ്യ സംബന്ധിച്ച് അടിസ്ഥാന പരിശീലനം നൽകുകയുണ്ടായി. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി പ്രകാരം

സംഘടിപ്പിക്കുന്ന അവധികാല ക്യാമ്പുകളിൽ സൈബർ കുറ്റകൃത്യങ്ങൾ പ്രത്യേക വിഷയമായി ഉൾക്കൊള്ളിച്ചുകൊണ്ട് ബോധവൽക്കരണ ക്ലാസ്സുകൾ നൽകി വരുന്നുണ്ട്.

(ഡി) ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് പ്രസ്തുത ബോധവത്ക്കരണ പദ്ധതികൾ നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

(ഡി) വിദ്യാഭ്യാസ വകുപ്പ്, ഇൻഫർമേഷൻ ടെക്നോളജി വകുപ്പ്, നിയമ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, എക്സൈസ് വകുപ്പ്, യുവജന കമ്മീഷൻ, സാമൂഹ്യക്ഷേമ വകുപ്പ്, സ്കൂളുകൾ, കോളേജുകൾ, വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണം പ്രസ്തുത പദ്ധതിയ്ക്ക് ലഭിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.